

# റേഷൻ വിലവർധന ബോംബു പൊട്ടിച്ചതിന്റെ ചെലവുനികത്താൻ

സുധീർകുമാർ

റേഷൻ അരിയുടേയും പഞ്ചസാരയുടേയും ഗോതമ്പിന്റേയും വില കുത്തനെ കൂട്ടിക്കൊണ്ടുള്ള കേന്ദ്രതീരുമാനം ബി.ജെ.പി. മന്ത്രിസഭയിലെ ഘടകകക്ഷികളെ മാത്രമല്ല, ബി.ജെ.പി.യിലെ സാധാരണ പ്രവർത്തകരേയും നേതാക്കളേയും പോലും അമ്പരപ്പിച്ചിരിക്കുകയാണ്.

ന്യൂനപക്ഷങ്ങളുടെ ആരാധനാലയങ്ങൾ തകർത്തും മിഷനറിമാരെ ചുട്ടുതിന്നും ദളിതുകളെ വെട്ടിനുറുക്കിയും അഴിഞ്ഞാടി നടക്കുന്ന ബി.ജെ.പി.യുടെ സഹോദര സംഘടനകൾമൂലം, കേന്ദ്രസർക്കാരിന്റെ പ്രതിച്ഛായ ഇന്ത്യയ്ക്കകത്തും പുറത്തും കറുത്തവാവിൻനാളിലെ ചന്ദ്രനേക്കാൾ മോശമായിരിക്കുന്ന ഈ സന്ദർഭത്തിൽ തന്നെ ഇങ്ങനെയൊരു ബുദ്ധിമോശത്തിനൊരുമ്പെടാൻ വാജ്പേയിക്കെന്താ സമനില തെറ്റിയോ എന്നാണ് അനുയായികൾ ആദ്യം അമ്പരന്നത്? രാഷ്ട്രീയത്തിന്റെ ഹരിശ്രീ അറിയുന്ന ആരും അങ്ങനെ ചിന്തിച്ചുപോകും.

വില കൂടിയാലുണ്ടാകുന്ന പുകിൽ വില കൂട്ടിയവർക്കും അറിയാം. എന്നിട്ടും അവർക്ക് അത് ചെയ്യേണ്ടിവന്നു. അതായത് അത് ഒഴിവാക്കാനാകുമായിരുന്നില്ല എന്നർത്ഥം.

എന്തുകൊണ്ട്?

വില കൂട്ടുന്നതിനു കാരണമായി കേന്ദ്രം നിരത്തുന്ന ന്യായങ്ങളൊന്നും ഒരു മന്ദബുദ്ധിപോലും വിശ്വസിക്കുന്നതല്ല എന്ന് വ്യക്തമായല്ലോ. സംസ്ഥാന സർക്കാരുകളേയും കൂട്ടുകക്ഷികളോടുപോലും ആലോചിക്കാതെ റേഷൻസാധനങ്ങളുടെ വില കുത്തനെ കൂട്ടാൻ പ്രധാനമന്ത്രിയേയും കൂട്ടരേയും നിർബന്ധിതരാക്കിയത് എന്താണ്?

ഇന്ത്യയിലെ എല്ലാ മന്ദപ്പന്മാരും അഭിമാനംകൊണ്ട് കോരിത്തരിച്ചുപോയ ആ ഒരു നിമിഷമുണ്ടല്ലോ 'നമ്മളൊരു ബോംബ് പൊട്ടിച്ചെടോ' എന്ന് വാജ്പേയി പറഞ്ഞതുകേട്ട് 'അമ്പട, കൊച്ചുകള്ളാ' എന്നുപറഞ്ഞ് കൈയടിച്ച ആ നിമിഷം – ആ നിമിഷത്തിന്റെ വിലയാണ് റേഷൻകടയിൽ നമ്മളിനി കൊടുക്കാൻ പോകുന്നത്.

ഒരു ബോംബുണ്ടാക്കാൻ ചില്ലറക്കാശുപോരാ എന്ന് നിങ്ങൾക്കറിയാം. ഉണ്ടാക്കുന്നതിനേക്കാൾ ചെലവാണ് അത് പൊട്ടിക്കാൻ. ഒന്നല്ല, അഞ്ച് പടക്കമാണ് നമ്മൾ പൊട്ടിച്ചത്. അതിന്റെ പിന്നാലെ വിദേശകുശുമ്പന്മാർ ഈ രാമരാജ്യത്തിനെതിരേ പ്രയോഗിച്ച ഉപരോധശരങ്ങൾമൂലം കോടാനുകോടികൾ പിന്നെയും നഷ്ടമായി. എന്തായാലും ഈ കാശെല്ലാം നമ്മുടെ പ്രധാ



നമന്ത്രിയോ അദ്ദേഹത്തിന്റെ പാർട്ടിയോ സ്വന്തം കീശയിൽനിന്നെടുക്കുമെന്ന് കരുതാൻ മാത്രം ഇ്ല്ലാമന്മാരല്ലല്ലോ നമ്മൾ ഇന്ത്യൻ പ്ര കൾ?

എങ്കിൽപിന്നെ അത് അ ുടെ കീശയിൽനിന്നെടുക്കും രാ സ്നേഹികളേ? ഒരു നിമിഷംപോ ചഞ്ചലചിത്തരാകരുത്. റേഷൻക ിൽ നിങ്ങൾ കൂടുതലായി നൽ ുന്ന ഓരോ പൈസയും ഇന്ത്യയുടെ ആത്മാഭിമാനം ലോകത്തിനുമുന്നിൽ ഉയർത്തിക്കാട്ടിയ ആ ബോംബുസ്ഫോടനത്തിലേക്കുള്ള നിങ്ങളുടെ സംഭാവനയാണ്.

ബോലോ – ഭാരത് മാതാകീ ജയ്